സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 179 2024 നവംബർ 02 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പാലക്കാട് കോൺഗ്രസിൽ വീണ്ടും രാജി; ദലിത് കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് പാർട്ടി വിട്ടു

പാലക്കാട്: പിരായിരിയിൽ ദലിത് കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് എ.കെ. സുരേഷ് പാർട്ടിവിട്ടു. എൽ.ഡി.എഫ്. സ്ഥാനാർഥി പി.സരിനുവേണ്ടി പ്രവർത്തിക്കുമെന്ന് സുരേഷ് വ്യക്തമാക്കി. പാലക്കാട്ടെ കോൺഗ്രസിൽ ഷാഫി പറമ്പിലിൻറെ അടുപ്പക്കാർക്ക് മാത്രമാണ് നേട്ടം. ഇതിൽ മനംനൊന്ത് കൂടുതൽ പേർ പാർട്ടിവിട്ട് പുറത്തുവരുമെന്നും സുരേഷ് പറഞ്ഞു. അതേസമയം, ബിജെപി-കോൺഗ്രസ് ഡീലിൽ കോൺഗ്രസ് പ്രവർത്തകർക്ക് മനംമടുത്തെന്ന് സിപിഎം ജില്ലാ സെക്രട്ടറി ഇ എൻ സുരേഷ് ബാബു പറഞ്ഞു. ഷാഫി പറമ്പിലാണ് ഇതിന് നേതൃത്വം നൽകുന്നത്. ഇടതിനൊപ്പം വരുന്ന കോൺഗ്രസുകാരെ ചേർത്തു നിർത്തുമെന്നും സുരേഷ് ബാബു പറഞ്ഞു.

അശ്വിനി കുമാർ വധക്കേസ്; മൂന്നാം പ്രതി മാത്രം കുറ്റക്കാരൻ

13 പ്രതികളെ വെറുതെ വിട്ടു

കണ്ണൂർ: ആർ.എസ്.എസ് നേതാവ് ഇരിട്ടി കീഴൂരിലെ അശ്വിനി കുമാറിനെ (27) കൊലപ്പെടുത്തിയ കേസിൽ മൂന്നാം പ്രതി യൊഴികെ മറ്റെല്ലാ പ്രതികളെയും വെറുതെവിട്ടു. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടെതാണ് വിധി. ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് ഫിലിപ്പ് തോമസ് ആണ് വിധി പറഞ്ഞത്. മൂന്നാം പ്രതിയായ ചാവശ്ശേരി സ്വദേശി എം വി മർഷൂക്ക് (38) മാത്രമാണ് കേസിലെ കുറ്റക്കാരൻ. കേസിലെ പ്രതികളായിരുന്ന ബാക്കി 13 എൻഡിഎഫ് പ്രവർത്തകരെയും കോടതി വെറുതെവിട്ടു. കേസിലെ ശിക്ഷ ഈ മാസം 14ന് വിധിക്കും.

കേസിലെ പ്രതികളുമായി വ്യക്തിബന്ധമോ വിരോധമോ ഇല്ലാതിരുന്ന വ്യക്തി, മതപരമായ അസഹിഷ്ണുതയുടെ പേരിൽ ക്രൂരമായി കൊല ചെയ്യപ്പെടുകയായിരുന്നുവെന്ന് പ്രോസിക്യൂഷന് വേണ്ടി ഹാജരായ ജില്ലാ ഗവ. പ്ലീഡർ അഡ്വ. ബി. പി. ശശീന്ദ്രൻ പറഞ്ഞു. വിധിക്കെതിരെ മേൽക്കോടതിയെ സമീപിക്കും. അന്വേഷണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലും തെളിവെടുപ്പ് നടത്തുന്നതിലും വീഴ്ച നേരിട്ടുവെന്നും പ്രോസിക്യൂട്ടർ പറഞ്ഞു.

2005 മാർച്ച് 10ന് രാവിലെ പത്തേകാൽ മണിക്ക് കണ്ണൂരിൽ നിന്നും പേരാവൂരിലേക്ക് പോവുകയായിരുന്ന ബസിൽ യാത്ര ചെയ്യുകയായിരുന്ന അശ്വിനി കുമാറിനെ ഇരിട്ടി പഴയഞ്ചേരി മുക്കിൽ വച്ച് തടഞ്ഞിട്ട് ജീപ്പിലെത്തിയ പ്രതികൾ കുത്തി കൊലപ്പെടുത്തിയെന്നാണ് കേസ്. പാരലൽ കോളേജിൽ അദ്ധ്യാപകനായിരുന്നു അശ്വിനികുമാർ. മികച്ച പ്രഭാഷകനുമായിരുന്നു.

മയ്യിലെ കരിയാടൻ താഴത്ത് വീട്ടിൽ നൂറുൽ അമീൻ (40), പി.കെ.അസീസ് (38), ചാവശ്ശേരിയിലെ ഷരീഫ മൻസിലിൽ എം.വി. മർഷൂട് (38), ശിവപുരത്തെ പുതിയ വീട്ടിൽ പി.എം. സിറാജ് (38), ഉളിക്കലിലെ ഷാഹിദ മൻസിലിൽ മാവിലകണ്ടി എം.കെ.യൂനസ് (43), ശിവപുരം എ.പി.ഹൗസിൽ സി.പി.ഉമ്മർ (40), ഉളിയിലെ രയരോൻ കരുവാൻ വളപ്പിൽ ആർ.കെ.അലി (45), കൊവ്വമൽ നൗഫൽ (39), പായം സ്വദേശികളായ താനിയോട്ട് യാക്കൂബ് (42), സി.എം. വീട്ടിൽ മുസ്തഫ (47), കീഴൂരിലെ വയ്യപ്പുറത്ത് ബഷീർ (49), ഇരിക്കൂർ സ്വദേശികളായ മുംതാസ് മൻസിലിൽ കെ.ഷമ്മാസ് (35), കെ.ഷാനവാസ് (44), ബഷീർ (40) എന്നിവരാണ് വിചാരണ നേരിട്ടത്.

ക്രൈംബ്രാഞ്ച് ഓഫീസർമാരായ പി.കെ.മധുസൂദനൻ, കെ.സലീം, എം.ദാമോദരൻ, ഡി. സാലി, എം.സി.കുഞ്ഞുമൊയ്തീൻ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് കേസന്വേഷണം നടത്തിയത്. 2009 ജൂലായ് 31ന് കുറ്റപത്രം നൽകി. വിളക്കോട്ടെ മാവില വീട്ടിൽ ലക്ഷ്മണന്റെ പരാതി പ്രകാരമാണ് കേസ്.

സിനിമ–നാടക നടൻ ടിപി കുഞ്ഞിക്കണ്ണൻ അന്തരിച്ചു



കാസർകോട്: പ്രശസ്ത ചലച്ചിത്ര–നാടക നടൻ ടി.പി. കുഞ്ഞിക്കണ്ണൻ അന്തരിച്ചു. കാസർകോട് ചെറുവത്തൂർ സ്വദേശിയാണ്. ഇന്ന് പുലർച്ചെ ഹൃദയാഘാതം മൂലമാണ് മരണം. കുഞ്ഞാക്കോ ബോബൻ നായകനായ 'ന്നാ താൻ കേസ് കൊട്' എന്ന ചിത്രത്തിലെ മന്ത്രി പ്രേമന്റെ വേഷം ശ്രദ്ധേയമായിരുന്നു. പൊതുമരാമത്ത് വകുപ്പിൽ എഞ്ചിനിയർ ആയിരുന്നു കുഞ്ഞിക്കണ്ണൻ നാടകവേദിയിൽ നിന്നാണ് സിനിമയിലേക്ക് എത്തുന്നത്. മരണത്തിൽ സാമൂഹിക, സിനിമാ രംഗത്തെ പ്രമുഖർ അനുശോചിച്ചു.

പ്രശാന്തുമായി യാതൊരു ബന്ധവുമില്ല, കൈക്കൂലി ആരോപണത്തിൽ ഗൂഢാലോചനയില്ലെന്ന് മൊഴി നൽകി ദിവ്യ

കണ്ണൂർ: മരണപ്പെട്ട എഡിഎം നവീൻ ബാബുവിനെതിരെ കൈക്കൂലി ആരോപണം ഉന്നയിച്ചതിൽ ഗൂഢാലോചനയില്ലെന്ന് കേസിലെ പ്രതിയും കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമായ പിപി ദിവ്യ മൊഴി നൽകി. എഡിഎമ്മിന് കൈക്കൂലി നൽകിയെന്ന് ആരോപിച്ചിരുന്ന ടി വി പ്രശാന്തിനെ നേരത്തെ പരിചയമില്ലെന്നും പെട്രോൾ പമ്പുമായി യാതൊരു ബന്ധവുമില്ലെന്ന് ദിവ്യ ചോദ്യം ചെയ്യലിൽ വ്യക്തമാക്കി.

പ്രശാന്തുമായി ഫോൺവിളികൾ നടന്നിട്ടില്ല. പ്രശാന്ത് ജില്ലാ പഞ്ചായത്തിന്റെ ഹെൽപ്പ് ഡെസ്കിൽ വന്ന അപേക്ഷകൻ മാത്രമാണെന്നും ദിവ്യ പറഞ്ഞു. എഡിഎമ്മിന്റെ മരണത്തിൽ കൂടുതൽ പേരെ പ്രതി ചേർത്തേക്കില്ലെന്ന് പോലീസ് അറിയിച്ചു. അടുത്ത ദിവസം തന്നെ നവീൻ ബാബുവിന്റെ കുടുംബത്തിന്റെ മൊഴിയെടുക്കാനുള്ള തീരുമാനത്തിലാണെന്നും പോലീസ് വ്യക്തമാക്കി.

കഴിഞ്ഞ ദിവസം ദിവ്യയുടെ ചോദ്യം ചെയ്യൽ പൂർത്തിയാക്കി വനിതാ ജയിലിലേക്ക് മാറ്റിയിരുന്നു. ദിവ്യയുടെ ജാമ്യഹർജി ചൊവ്വാഴ്ച തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി പരിഗണിക്കും.കൂടുതൽ ചോദ്യം ചെയ്യാൻ രണ്ട് ദിവസത്തെ കസ്റ്റഡി പ്രത്യേക അന്വേഷണ സംഘം ആവശ്യപ്പെട്ടെങ്കിലും ഇന്നലെ വൈകിട്ട് അഞ്ച് മണിവരെ മാത്രമേ കണ്ണൂർ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി അനുവദിച്ചുള്ളൂ.

ദിവ്യ അന്വേഷണവുമായി സഹകരിക്കുന്നില്ലെന്ന് മുൻകൂർ ജാമ്യത്തെ എതിർത്ത് പോലീസ് റിപ്പോർട്ട് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ മൊഴിയെടുക്കണമെന്നും ബിനാമി ഇടപാടുകൾ, കളക്ടറുടെ മൊഴി തുടങ്ങി നിരവധി കാര്യങ്ങളിൽ ദിവ്യയിൽ നിന്ന് വ്യക്തത വരുത്തണമെന്നും അന്വേഷണ ഉദ്യോഗസ്ഥനായ ടൗൺ ഇൻസ്പെക്ടർ ശ്രീജിത്ത് കൊടേരി കോടതിയെ അറിയിച്ചു. എന്നാൽ, കീഴടങ്ങിയ ദിവസം ദിവ്യയെ മൂന്ന് മണിക്കൂറോളം ചോദ്യം ചെയ്തത് ചൂണ്ടിക്കാട്ടി മജിസ്ട്രേറ്റ് മുഹമ്മദലി ഷഹർഷാദ് ഇന്നലെ അഞ്ച് മണിവരെ മാത്രം കസ്റ്റഡി അനുവദിക്കുകയായിരുന്നു. ചോദ്യം ചെയ്യലിന് ശേഷം നാലു മണിയോടെ പോലീസ് ദിവ്യയെ വൈദ്യപരിശോധനയ്ക്ക് ആശുപത്രിയിൽ എത്തിച്ചു. തുടർന്ന് കോടതിയിൽ ഹാജരാക്കി വനിതാ ജയിലിലെത്തിച്ചു.

വനിതാഡോക്ടറുടെ വീട്ടിൽ നിന്ന് നവരത്നമോതിരം പൊക്കി; ജോലിക്കാരി പിടിയിൽ

കൊല്ലം : വനിതാഡോക്ടറുടെ വീട്ടിൽ നിന്ന് നവരത്നമോതിരവും മറ്റ് സ്വർണാഭരണങ്ങളും കവർന്ന ജോലിക്കാരി പിടിയിൽ. കൊല്ലം അറുനൂറ്റിമംഗലത്ത് വാടകയ്ക്ക് താമസിക്കുന്ന ശാരികയെയാണ് (38) ഈസ്റ്റ് പോലീസ് പിടികൂടിയത്. 2 പവന്റെ നവരത്നമോതിരവും, ഒരു പവന്റെ വളയും 3 പവന്റെ തളയുമാണ് ഇവർ മോഷ്ടിച്ചത്.

ശാരിക പട്ടത്താനത്തുള്ള ഡോക്ടറുടെ വീട്ടിൽ ജോലിക്കെത്തുന്നത് കഴിഞ്ഞ മാസം 24–ാം തീയതിയാണ്. തുടർന്ന് പല ദിവസങ്ങളിവായി വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങൾ അടിച്ചുമാറ്റുകയായിരുന്നു. വനിതാഡോക്ടർ വീട്ടിൽ നിന്ന് പോകുന്ന തക്കം നോക്കിയായിരുന്നു മോഷണം. വീട്ടിൽ പ്രായമായ അമ്മ മാത്രം ഉണ്ടായിരുന്നതിനാൽ മോഷണം എളുപ്പമായി.

പ്രതി രണ്ടാംകുറ്റിയിലുള്ള ധനകാര്യ സ്ഥാപനത്തിലാണ് മോഷണമുതൽ പണയം വച്ചത്. ആഭരണം നഷ്ടപ്പെട്ട വിവരം കഴിഞ്ഞ ദിവസമാണ് ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുന്നത്. അങ്ങനെ ഈസ്റ്റ് പോലീസിൽ പരാതി നൽകുകയായിരുന്നു.

ഗുണ്ടകൾ അക്രമിച്ചുവെങ്കിൽ എന്തുകൊണ്ട് സുരേഷ് ഗോപി പരാതി നൽകിയില്ല, അന്വേഷിക്കണം: സുനിൽകുമാർ

തൃശ്ശൂർ: തൃശ്ശൂർ പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയത്തിൽ നിലപാട് ആവർത്തിച്ച് വിഎസ് സുനിൽ കുമാർ. വിഷയത്തിൽ എല്ലാവരുടേയും മൊഴി രേഖപ്പെടുത്തണമെന്നും സമഗ്ര അന്വേഷണമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര മന്ത്രി സുരേഷ് ഗോപി ആരോപിച്ച ഗുണ്ടാ ആക്രമണത്തെപ്പറ്റിയും പോലീസ് അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പൂരനഗരിയിൽ നിയമം ലംഘിച്ചുള്ള സുരേഷ് ഗോപിയുടെ യാത്ര പൂരം അട്ടിമറിക്കലിന്റെ ഭാഗമാണ്. രാഷ്ട്രീയ ഗുണ്ടകൾ തന്നെ അക്രമിച്ചുവെന്ന് എന്തുകൊണ്ട് സുരേഷ് ഗോപി നേരത്തെ പറഞ്ഞില്ല? അക്രമിച്ച വിവരം ജനങ്ങളോട് പറയാതെ മറച്ചുവെച്ചത് അത് നുണയായതിനാലാണ്. സിസിടിവി അടക്കം പരിശോധിച്ച് അന്വേഷണം നടത്തണമെന്നും വി.എസ്. സുനിൽകുമാർ പറഞ്ഞു.

നിയമം ലംഘിച്ചു കൊണ്ടാണ് സുരേഷ് ഗോപി ആംബുലൻസിൽ പൂരനഗരിയിലേക്ക് വന്നത്. വാഹനം ഏതൊക്കെ വഴിയിൽ കൂടി പോകണം എന്നതിനുള്ള കൃത്യമായ നിർദേശങ്ങൾ നേരത്തെ തന്നെ ഉണ്ടായിരുന്നു. എന്നാൽ അവയൊക്കെ മറികടന്നുകൊണ്ടാണ് സഞ്ചരിക്കാൻ പാടില്ലാത്ത വഴികളിൽ കൂടി രോഗിയല്ലാത്ത ആളെ രാഷ്ട്രീയ താത്പര്യത്തിനു വേണ്ടി സേവാഭാരതിയുടെ ആംബുലൻസിൽ കയറ്റിക്കൊണ്ടുവന്നത്. ഇത് പൂരം അട്ടിമറിക്കാൻ വേണ്ടി നടന്ന കാര്യമാണ്.

ആദ്യം അംബുലൻസിൽ സഞ്ചരിച്ചിട്ടില്ലെന്ന് പച്ചക്കള്ളം പറഞ്ഞു. അതു തിരുത്തി. പിന്നെ അദ്ദേഹം ഉന്നയിച്ചത് ഗുണ്ടകൾ അക്രമിച്ചു എന്നാണ്. ആംബുലൻസിലേക്ക് വരുന്നതിന് മുമ്പ് മറ്റു പാർട്ടിയിൽപെട്ട ഗുണ്ടകൾ തന്റെ വാഹനത്തെ അക്രമിച്ചുവെന്നും രാഷ്ട്രീയമില്ലാത്ത ചെറുപ്പക്കാർ തന്നെ സംരക്ഷിച്ചുവെന്നുമാണ് അദ്ദേഹം പറഞ്ഞത്.

ഇതുസംബന്ധിച്ചും പോലീസ് അന്വേഷിക്കണം. സിസിടിവികളടക്കം പരിശോധിക്കണം. പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട് സത്യം വെളിച്ചത്ത് വരുമെന്ന ഘട്ടത്തിൽ പലതരം നുണകളും കള്ളത്തരങ്ങളുമാണ് പ്രചരിപ്പിക്കുന്നതെന്നും സുനിൽകുമാർ പറഞ്ഞു.

പതിനേഴുകാരനോടിച്ച കാറിടിച്ച് യുവതിയ്ക്ക് ദാരുണാന്ത്യം

ഡൽഹി: പതിനേഴുകാരൻ അമിതവേഗത്തിലോടിച്ച കാറിടിച്ച് കാൽനടയാത്രക്കാരിയായ യുവതിയ്ക്ക് ദാരുണാന്ത്യം. ഡൽഹിയിലെ ഗ്രേറ്റർ നോയിഡയിലാണ് ദാരുണ സംഭവമുണ്ടായത്. എസ്.യു.വി കാറാണ് പതിനേഴുകാരൻ ഓടിച്ചത്. സംഭവസ്ഥലത്തു തന്നെ യുവതി മരിച്ചു. അപകടത്തിന്റെ സിസിടിവി ദൃശ്യങ്ങളും പുറത്തുവന്നു.

ഒരു ട്രാക്ടറിനെ മറികടക്കാൻ ശ്രമിക്കുമ്പോൾ വാഹനം നിയന്ത്രണം വിട്ടിടിക്കുകയായിരുന്നു. ബിസ്റാഖിനു സമീപമാണ് അപകമുണ്ടായത്. കെട്ടിടനിർമാണ തൊഴിലാളിയാണ് കൊല്ലപ്പെട്ട യുവതി. ഉത്തർപ്രദേശിലെ ഹർദോയ് ജില്ലയിൽ നിന്നുള്ള ശിൽപി എന്ന യുവതിയാണ് കൊല്ലപ്പെട്ടതെന്നത് പോലീസ് സ്ഥിരീകരിച്ചു. 27 വയസ്സായിരുന്നു. ജോലിക്കു പോകുന്ന വഴിയിൽ വച്ചാണ് അപകടത്തിൽപെട്ടത്.

അപകടത്തിനു തൊട്ടുപിന്നാലെ പതിനേഴുകാരൻ വാഹനത്തിൽ നിന്നിറങ്ങിയോടി. ഒളിവിൽ പോയ പ്രതിയെ പോലീസ് പിടികൂടി. നിലവിൽ പോലീസ് കസ്റ്റഡിയിലാണ്. കൂടുതൽ അന്വേഷണവും നിയമനടപടികളും സ്വീകരിച്ചുവരിയാണെന്നും പോലീസ് വ്യക്തമാക്കി.

അതിനിടെ സമൂഹമാധ്യമത്തിൽ കടുത്ത വിമർശനമാണ് ഉയരുന്നത്. ഇത്തരം സംഭവങ്ങൾ പതിവായിട്ടും അധികൃതർ നടപടിയെടുക്കുന്നില്ല എന്നാണ് പൊതുവായ വിമർശനം. കുട്ടികൾക്ക് വാഹനമോടിക്കാൻ കൊടുക്കുന്ന മാതാപിതാക്കൾക്കെതിരെയും കേസെടുക്കണമെന്നാണ് ഒരു വിഭാഗം പറയുന്നത്.

വീട്ടുപറമ്പിൽ മരിച്ച നിലയിൽ കണ്ടെത്തി

കയ്പമംഗലം: കൂരിക്കുഴിയിൽ തനിച്ച് താമസിച്ചിരുന്ന ആളെ വീട്ടുപറമ്പിൽ മരിച്ച നിലയിൽ കണ്ടെത്തി. കൂരിക്കുഴി പള്ളത്ത് ക്ഷേത്രത്തിനടുത്ത് പള്ളത്ത് വീട്ടിൽ വിദ്യാനന്ദൻ (61) ആണ് മരിച്ചത്.

ലോറി നിയന്ത്രണം വിട്ട് മറിഞ്ഞു

ചാലക്കുടി: കോടതി ജംഗ്ഷന് സമീപം ദേശീയപാതയിൽ ചരക്ക് ലോറി നിയന്ത്രണം വിട്ട് മറിഞ്ഞു. ഈരാറ്റുപേട്ടയിൽ നിന്ന് തൃശൂർ ഭാഗത്തേക്ക് വന്നിരുന്ന ലോറിയാണ് മറിഞ്ഞത്. ആളപായമില്ല.

'ഞാൻ വടശ്ശേരി എസ്ഐയാണ്, കാശ് പിന്നെത്തരാം'; ഫേഷ്യൽ ചെയ്ത് പണം കൊടുക്കാതെ മുങ്ങിയ സ്ത്രീ പിടിയിൽ

തേനി: പോലീസ് വേഷത്തിൽ ബ്യൂട്ടിപാർലറിലെത്തി, സബ് ഇൻസ്പെക്ടറാണെന്ന് തെറ്റിധരിപ്പിച്ച ശേഷം ഫേഷ്യൽ ചെയ്ത് പണം കൊടുക്കാതെ മുങ്ങിയ സ്ത്രീ പിടിയിൽ. തമിഴ്നാട് നഗർകോവിലാണ് സംഭവം. തേനി, പെരിയപാളയം സ്വദേശിയായ അബി പ്രഭയെയാണ് (34) പോലീസ് അറസ്റ്റ് ചെയ്തത്.

എസ്.ഐ വേഷം ധരിച്ച് ആർക്കും സംശയം തോന്നാത്ത തരത്തിലാണ് ഈ സ്ത്രീ ബ്യൂട്ടിപാർലറിലെത്തിയത്. പാർവതിപുരം, ചിങ്കാരതോപ്പ് സ്വദേശി വെങ്കടേശിന്റെ ബ്യൂട്ടി പാർലറിൽ നിന്നാണ് ഇവർ ഫേഷ്യൽ ചെയ്തത്. ഫേഷ്യൽ ചെയ്ത് കഴിഞ്ഞ് പണം ചോദിച്ചപ്പോൾ താൻ വടശ്ശേരി എസ്ഐയാണ്, കാശ് പിന്നെത്തരാം എന്നായിരുന്നു മറുപടി.

ഇതും പറഞ്ഞ് തിടുക്കത്തിൽ അവിടെ നിന്ന് ഇറങ്ങി പോകുകയായിരുന്നു. സംശയം തോന്നിയ ഉടമ ഉടൻ പോലീസിനെ വിവരമറിയിച്ചു. പോലീസ് പ്രഭയെ ചോദ്യം ചെയ്തപ്പോഴാണ് പോലീസല്ലെന്നും കാമുകൻ പറഞ്ഞിട്ടാണ് പോലീസ് വേഷമിട്ട് എത്തിയതെന്നും അബി പ്രഭ പോലീസിനോട് പറഞ്ഞത്. കാമുകനെ പോലീസ് തേടി വരുകയാണ്. നിലവിൽ പ്രഭ തക്കല ജയിലിലാണ്.

കൊടകര കുഴൽപ്പണക്കേസ്; തിരൂർ സതീഷിന്റെ വീടിന് പോലീസ് കാവൽ, 'ഇനിയും പറയാനുണ്ട്'

തൃശ്ശൂർ: കൊടകര കുഴൽപ്പണക്കേസ് വീണ്ടും വിവാദമായതോടെ പുനരന്വേഷണത്തിന് പോലീസ്. ഇരിങ്ങാലക്കുട കോടതിയിൽ രണ്ടുഘട്ടങ്ങളിലായി കുറ്റപത്രം നൽകിയ പ്രത്യേക അന്വേഷണസംഘമാണ് പുനരന്വേഷണം ആരംഭിച്ചത്. ബി.ജെ.പി. ജില്ലാ കമ്മിറ്റി ഓഫീസ് സെക്രട്ടറിയായിരുന്ന തിരൂർ സതീഷ്, പ്രത്യേക അന്വേഷണസംഘ തലവനായിരുന്ന ഡിവൈ.എസ്.പി. വി.കെ. രാജു എന്നിവരിൽനിന്ന് മൊഴിയെടുത്തു. ഭീഷണിയെത്തുടർന്ന് പോലീസ് സതീഷിന്റെ വീടിന് കാവൽ ഏർപ്പെടുത്തി.

വെളിപ്പെടുത്തലുകൾക്ക് പിന്നാലെ തനിക്ക് ഭീഷണിയുണ്ടെന്ന് സതീഷൻ കഴിഞ്ഞ ദിവസം മാധ്യമങ്ങളോട് പറഞ്ഞിരുന്നു. ഇതിനുപിന്നാലെയാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് വീടിന് കാവൽ ഏർപ്പെടുത്തിയത്. മാധ്യമങ്ങളോട് പറഞ്ഞ കാര്യങ്ങൾ പുതിയ അന്വേഷണ സംഘത്തോട് ആവർത്തിക്കുമെന്നും കൂടുതൽ വെളിപ്പെടുത്തലുകൾ നടത്താനുണ്ടെന്നും സതീഷ് പറഞ്ഞു. ബി.ജെ.പി. നേതാക്കളുടെ സമ്മർദം കാരണം വ്യാജമൊഴിയാണ് മുൻപ് നൽകിയിരുന്നതെന്നും ആറു ചാക്കുകളിലാക്കി മൂന്നരക്കോടിരൂപ ഓഫീസിൽ എത്തിച്ചെന്നുമാണ് പുതിയ മൊഴി.

ഇന്നലെ വൈകിട്ടാണ് രഹസ്യാന്വേഷണ വിഭാഗം ഉദ്യോഗസ്ഥർ സതീഷിനെ നേരിൽകണ്ട് വിവരങ്ങൾ തേടിയത്. ചാക്കുകളിൽ പാർട്ടിയുടെ കൊടിതോരണങ്ങളാണെന്നാണ് സതീഷ് മുമ്പ് മൊഴി നൽകിയത്. ഈ മൊഴി കോടതിയിൽ തിരുത്തി സത്യം പറയാൻ ഇരിക്കുകയായിരുന്നു എന്നും വെള്ളിയാഴ്ച വൈകീട്ട് സതീഷ് അന്വേഷണസംഘത്തിന് മുന്നിൽ വെളിപ്പെടുത്തി. ഇതുൾപ്പെടുത്തി പുതിയ കുറ്റപത്രം സമർപ്പിക്കാൻ പോലീസ് തിങ്കളാഴ്ച കോടതിയുടെ അനുമതി തേടും.

കൊടകരയിൽ പിടികൂടിയ മൂന്നരക്കോടിയുടെ കുഴൽപ്പണം ബി.ജെ.പി. ഓഫീസിൽ എത്തിച്ചാണ് കടത്തിയതെന്ന് തിരൂർ സതീഷ് കഴിഞ്ഞ ദിവസമാണ് വെളിപ്പെടുത്തിയത്. വെളിപ്പെടുത്തൽ ബി.ജെ.പി. നേതൃത്വം നിഷേധിച്ചിട്ടുണ്ടെങ്കിലും അത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഘട്ടത്തിൽ പാർട്ടിയെ പ്രതിരോധത്തിലാക്കിയിട്ടുണ്ട്. 2021–ൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്താണ് വാഹനം തട്ടിക്കൊണ്ടുപോയി മൂന്നരക്കോടിയുടെ കുഴൽപ്പണം കൊടകരയിൽ കവർച്ചചെയ്യപ്പെട്ടത്.

'ഷാഫിയുടേത് ഗ്രൂപ്പ് കളി'; പിരിയാരിയിൽ സരിന് പിന്തുണയുമായി മറ്റൊരു കോൺഗ്രസ് നേതാവ് കൂടി

പാലക്കാട്: കോൺഗ്രസിൽ ഗ്രൂപ്പ് കളിയായതിനാൽ പാർട്ടി വിടുന്നുവെന്നറിയിച്ച് ദളിത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് കെ എ സുരേഷ്. സിപിഎമ്മിൽ ചേർന്നെന്നും പാലക്കാട്ട് എൽഡിഎഫ് സ്ഥാനാർത്ഥി ഡോക്ടർ പി സരിനുവേണ്ടി പ്രവർത്തിക്കുമെന്നും സുരേഷ് അറിയിച്ചു. പിരിയാരി പഞ്ചായത്തിൽ ഷാഫി പറമ്പിൽ എംപി ഗ്രൂപ്പ് കളിയാണ് നടത്തുന്നതെന്നും സുരേഷ് ആരോപിച്ചു.

'പരാതികളെല്ലാം പാർട്ടിയെ അറിയിച്ചിരുന്നു. എന്നാൽ കോൺഗ്രസിൽ നിന്നും യാതൊരു തരത്തിലുള്ള പ്രതികരണങ്ങളും ലഭിച്ചിരുന്നില്ല. ഇനി സരിന്റെ വിജയത്തിനു വേണ്ടി പ്രവർത്തിക്കും. ഇതുവരെയായിട്ടും ഒരു കോൺഗ്രസ് നേതാവും വിളിച്ചിട്ടില്ല. പഞ്ചായത്തിന്റെ നിയന്ത്രണം ഷാഫിയുടെ കൈകളിലാണ്'– സുരേഷ് പ്രതികരിച്ചു.

കഴിഞ്ഞ ദിവസം സരിന് പിന്തുണയുമായി കോൺഗ്രസ് പ്രവർത്തകരായ ദമ്പതികൾ രംഗത്തെത്തിയതും പാർട്ടിക്ക് തിരിച്ചടിയായി. കോൺഗ്രസ് മണ്ഡലം സെക്രട്ടറിയും ഭാര്യയായ പഞ്ചായത്തംഗവുമാണ് സരിന് പിന്തുണ പ്രഖ്യാപിക്കുകയും ഷാഫി പറമ്പിൽ എംപിക്കെതിരെ തിരിയുകയും ചെയ്തത്. പിരായിരി പഞ്ചായത്തംഗം സിതാര ശശി, ഭർത്താവും കോൺഗ്രസ് മണ്ഡലം സെക്രട്ടറിയുമായ ജി ശശി എന്നിവരാണ് സരിന് പിന്തുണ പ്രഖ്യാപിച്ചത്.

പറഞ്ഞവാക്ക് ഷാഫി പറമ്പിൽ പാലിക്കാത്തതുകൊണ്ടാണ് സരിന് പിന്തുണ നൽകുന്നതെന്ന് സിതാര അഭിപ്രായപ്പെട്ടത്. ഷാഫി പറമ്പിൽ നൽകിയ വികസന വാഗ്ദാനങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. വിജയിച്ച ശേഷം ഷാഫി തിരിഞ്ഞുനോക്കിയിട്ടില്ലെന്നും സിതാര ആരോപിച്ചു. ഇഷ്ടക്കാർക്ക് മാത്രമേ ഷാഫി പറമ്പിൽ ആസ്തി വികസന ഫണ്ടിൽ നിന്ന് പണം നൽകുവെന്ന് ശശി പറഞ്ഞു. പാർട്ടിയിൽ ഷാഫിയുടെ ഏകാധിപത്യമാണ് നടക്കുന്നതെന്നും ഷാഫിയോടുള്ള എതിർപ്പുകൊണ്ടാണ് ഇടത് സ്ഥാനാർത്ഥിക്ക് വോട്ട് നൽകുന്നതെന്നും ശശി കൂട്ടിച്ചേർത്തു. എന്നാൽ തങ്ങൾ കോൺഗ്രസിൽ തന്നെ ഉറച്ചുനിൽക്കുമെന്നും ഷാഫി പറമ്പിലിനെതിരെ കെപിസിസി പ്രസിഡന്റ് കെ സുധാകരനടക്കം പരാതിയ നൽകിയതായും ഇരുവരും വ്യക്തമാക്കി.

'കുട്ടികളുടെ തന്തയ്ക്ക് വിളിച്ചാലോ?'; സുരേഷ് ഗോപിയെ കായികമേളക്ക് ക്ഷണിക്കില്ലെന്ന് മന്ത്രി

തിരു: സംസ്ഥാന സ്കൂൾ കായികമേള നടക്കുന്ന പരിസരത്ത് സുരേഷ് ഗോപിയെ ക്ഷണിക്കില്ലെന്ന് മന്ത്രി വി.ശിവൻകുട്ടി. കുട്ടികളുടെ തന്തക്ക് വിളിക്കുമെന്ന് ഭയമുണ്ട്. എന്തും വിളിച്ചുപറയുന്നയാളാണ് സുരേഷ് ഗോപി. ഒറ്റ തന്തക്ക് പിറന്നവരെന്ന പ്രയോഗത്തിൽ മാപ്പുപറഞ്ഞാൽ സുരേഷ്ഗോപിക്ക് വരാമെന്നും വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

ഐക്യകേരള രൂപീകരണത്തിനുശേഷം ഒരുപാട് സംഭവവികാസങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. പക്ഷേ ഒറ്റ തന്തക്ക് പിറന്നവരെന്ന് വിളിക്കുന്നത് ഇതാദ്യമായിട്ടാണെന്നും അദ്ദേഹം പറഞ്ഞു. അത് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്രമന്ത്രിക്ക് എവിടെ വേണമെങ്കിലും പോകാനുള്ള അധികാരവും അവകാശവുമുണ്ട്. പക്ഷേ കായികമേളയിലേക്ക് ക്ഷണിക്കില്ല.

'നോട്ടീസെല്ലാം പ്ര

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ശക്തൻ തമ്പുരാൻ പണിയിച്ച തൃശൂർ വലിയ പള്ളിക്ക് ഇത് 210-ാം വർഷം

പെരുന്നാൾ നവ.3ന്

തൃശ്ശൂരവപേരൂർ ദേശത്തിന് അത്താണിയും, കോട്ടയ്ക്കകത്ത് പ്രഥമ ക്രൈസ്തവ ദൈവാലയവും, ശക്തൻ തമ്പുരാൻ പണിയിച്ച തൃശ്ശൂർ മാർത്ത് മറിയം വലിയ പള്ളിക്ക് ഇത് 210-ാം വാർഷികം. ചരിത്ര പ്രസിദ്ധമായ സഭാ ശുദ്ധീകരണ പെരുന്നാൾ നവംബർ 3ന് ഞായറാഴ്ച ആഘോഷിക്കുന്നു. വലിയ പള്ളിക്ക് 210 വർഷത്തെ ചരിത്രമാണെങ്കിലും, മാർ തോമാ ശ്ലീഹാ ഇന്ത്യയിൽ വന്ന എ.ഡി. 52 മുതൽ ക്രൈസ്തവ പാരമ്പര്യവും, പൈതൃകവും, സംസ്കാരവും നിലനിൽക്കുന്ന ഇന്ത്യയിലെ പൗരസ്ത്യ കൽദായ സുറിയാനി സഭക്ക് ബാബിലോൺ സഭ, പേർഷ്യൻ സഭ, പൗരസത്യ സഭ, നെസ്തോറിയൻ സഭ എന്നീ വിവിധ നാമധേയത്തിൽ ആഗോള തലത്തിലെ സഭയെ അറിയപ്പെടുന്നു.

ശക്തൻ തമ്പുരാൻ രാജ്യപുരോഗതിക്കും, വ്യാപാര സമൃദ്ധിക്കും വേണ്ടി എടവനാട്ടുകര ദേശത്ത് **പുത്തൻപേട്ട** രൂപീകരിച്ചു. ആ ദേശത്ത് അന്ന് 2 കൽദായ സുറിയാനി വിശ്വാസികൾ ഉണ്ടായിരുന്നു. കൂടാതെ കേട്ടയ്ക്ക് പുറത്ത് നിന്ന് 52 ക്രൈസ്തവ കുടുംബങ്ങളെ കൂടി (കൽദായക്കാർ) ക്ഷണിച്ചു വരുത്തി താമസിപ്പിച്ചു. കൽദായ സുറിയാനി സഭാ വിശ്വാസികളോട് രാജ്യ ഭരണാധികാരികൾക്ക് വിശ്വാസവും സ്നേഹവുമുണ്ടായിരുന്നു. അതിനാൽ അവർക്ക് കൂടുതൽ ഇളവുകളും, സ്വാതന്ത്ര്യവും രാജ്യ ഭരണം നൽകിയിരുന്നു.

മാർ അപ്രേം മെത്രാപ്പോലീത്ത

ജസ്റ്റിസ് ബെച്ചു കുരിയൻ തോമാസ്

മാർ ഔഗിൻ മെത്രാപ്പോലീത്ത

1981 ഒക്ടോബർ 14ന് തൃശ്ശൂരിലെ വ്യാപാരി വ്യവസായി തൊഴിലാളി സമരം 51 ദിവസങ്ങൾക്ക് ശേഷം സമധാനത്തോടെ ഒത്തുതീർപ്പിൽ അവസാനിച്ചത് കൽദായ സുറിയാനി ബിഷപ്പ് പൗലോസ് മാർ പൗലോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിലിലായിരുന്നു. ഇത് ഒരു ഉദാഹരണം മാത്രമാണ്. സമീപ കാലത്തും സഭക്ക് വ്യാപാര സമൂഹത്തിലുള്ള സ്വാധിനമാണ് ഇത് സൂചിപ്പിക്കുന്നത്.

മലയാള വർഷം 988 കന്നി ഞായറ്റിൽ തീറ് വാങ്ങിയതും, 990ൽ കുംഭം ഞായറ്റിൽ പള്ളി വെയ്ക്കുന്നതിന് രാജാവ് കൽപ്പിക്കുകയും, അടുത്ത മാസം മീനം ഒന്നു മുതൽ കരം ഒഴിവാക്കി തീട്ടൂരം നൽകുകയും ചെയ്തു. തൃശ്ശൂർ തേക്കിൻ കാട്ടിലെ തേക്ക് മരവും, പള്ളിയുടെ നിർമ്മാണ ചിലവും രാജ്യ ഭരണം വഹിച്ചു.

ശക്തൻതമ്പുരാന്റെ പിൻഗാമി രാമവർമ്മ മൂന്നാമൻ മഹാരാജാവിന്റെ ഭരണ കാലത്താണ് പള്ളിയുടെ വെഞ്ചിരിപ്പും, ആദ്യ വിശുദ്ധ കുർബ്ബാനയും അർപ്പിച്ചത്. പാലക്കാരനായ അർക്കിദ് യാക്കോൻ അബ്രാഹം കത്തനാരെ മാർത്ത് മറിയം വലിയ പള്ളി ഏൽപ്പിക്കുകയും, കൽദായ സുറിയാനി സഭാ വിശ്വാസമനുസരിച്ച് ആരാധന നടത്തുവാനും പള്ളി കാര്യങ്ങൾ ഭരിക്കുവാനും, അധികാരം നൽകി രാജാവ് കൽപ്പിച്ചു. ഇങ്ങനെ 3 രാജകൽപ്പനകളാണ് തൃശ്ശൂർ വലിയ പള്ളിക്ക് രാജ്യ ഭരണകാലത്ത് ലഭിച്ച അധികാരങ്ങൾ. രാജാവിന്റെ മൂന്നാം തീട്ടൂര പ്രകാരം 1815 മാർച്ച് 15ന് അബ്രഹാം അർക്കിദ് യാക്കോൻ മാർത്ത് മറിയം വലിയ പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. 1830 വരെ ഇദ്ദേഹം വലിയ പള്ളിയുടെ വികാരിയായിരുന്നു. 1864 മുതൽ 1900 വരെ മാർ ഔദിശോ മെത്രാപ്പോലീത്ത സഭയുടെ ഭരണം നടത്തി.

തൃശ്ശൂർ കോട്ടയ്ക്കകത്ത് സെമിത്തേരി ശുഭമല്ലെന്ന് പറഞ്ഞ് 1888 ആഗസ്റ്റ് 11ന് കോടതി ഉത്തരവ് പ്രകാരം വലിയ പള്ളി അങ്കണത്തിലെ സെമിത്തേരി മാറ്റി. 1888 ഒക്ടോബർ 30ന് എറണാകുളം ഹൂസൂർ കോടതി, ദിവാൻജി ഗോവിന്ദമേനോൻ കിഴക്കേ കോട്ടയ്ക്ക് പുറത്ത് അതിർത്തിയിൽ തന്നെ പുതിയ സെമിത്തേരിക്ക് ഉത്തരവ് നൽകി. ആ കൽപ്പന പ്രകാരം കൽദായ സുറിയാനി സഭയ്ക്ക് ലഭിച്ചതാണ് മാർ യോഹന്നാൻ മാംദാന പള്ളിയോട് ചേർന്നുള്ള സെമിത്തേരി.

1908 ഫെബ്രുവരി 27ന് മാർ അബിമലേക്ക് തിമോഥിയോസ് മെത്രാപ്പോലീത്ത ഇന്ത്യൻ സഭയെ 37 വർഷം ആത്മീയ നിറവിൽ ഭരിച്ചു. 1945 ഏപ്രിൽ 30ന് കാലം ചെയ്തു. വലിയ പള്ളിക്ക് സമീപമുള്ള കുരുവിളച്ചൻ പള്ളിയിൽ കബറടങ്ങി.

1952 ജൂൺ 17ന് വിമാന മാർഗ്ഗം ബോംബെയിലും 22ന് തൃശ്ശൂരിലും എത്തിച്ചേർന്ന മാർ തോമാ ധർമ്മോ മെത്രാപ്പോലീത്ത ഇന്ത്യൻ സഭയുടെ ഭരണാധികാരിയായി. അദ്ദേഹത്തിന്റെ സേവന കാലം ഇന്ത്യൻ സഭയുടെ സുവർണ്ണ കാലഘട്ടമായിരുന്നു.

1968 സെപ്റ്റംബർ 21ൽ ബിഷപ്പ് പൗലോസ് മാർ പൗലോസ് ഇന്ത്യൻ സഭയുടെ എപ്പിസ്കോപ്പയായും, 1968 സെപ്റ്റംബർ 29ന് മാർ അപ്രേം മെത്രാപ്പോലീത്ത ഇന്ത്യൻ സഭയുടെ മെത്രാപ്പോലീത്തയായും മാർ തോമാ ധർമോ തിരുമേനി ഇറാക്കിൽ വെച്ച് ഇവരെ അഭിഷിക്തരാക്കി.

1971 ഒക്ബോർ 10ന് മാർ തിമോഥിയോസ് മെത്രാപ്പോലീത്തയെ മാർ ഈശൈ ശിമോൻ പാത്രിയാർക്കീസ് വാഴിച്ചു.

തൃശ്ശൂരിന്റെ പുരോഗതിയിൽ ശക്തൻ തമ്പുരാൻ പ്രാഗഗംഭീരമായ ദീർഘ വീക്ഷണത്തിന്റെ ഫലമാണ് ഒഴുതിനക്കൽ പറമ്പ് മാകോ തേവർ പട്ടണത്തിന് ***തൃശ്ശൂവപേരൂർ*** എന്ന് നാമകരണം ചെയ്തതുമായ, നഗരമാണ് ഇന്നത്തെ തൃശ്ശൂർ.

56 വർഷം സഭാ സേവനമനുഷ്ഠിച്ച മാർ അപ്രേം തിരുമേനി ആയിര പൂർണ്ണ ചന്ദ്ര ദിനങ്ങളിലൂടെ 84-ാം വയസ്സിൽ പ്രവേശിച്ച ഇദ്ദേഹത്തിന്, കൂദാശ ഈത്താ പെരുന്നാൾ ദിനത്തിൽ "മാർത്ത് മറിയം" പുരസ്കാരം നൽകി സഭ ആദരിക്കുകയാണ്. 210 ഡയാലീസിസ് രോഗികൾക്ക് പെരുന്നാളിന്റെ ഭാഗമായി സഹായ ധനം നൽകുന്നു.

പെരുന്നാളാഘോഷ പരിപാടികൾ

എല്ലാ ദിവസവും രാവിലെ 7 മണിക്ക് വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കും. വെള്ളിയാഴ്ച രാവിലെ 7ന് കുരിശു പള്ളിയിലും 1.30ന് വലിയ പള്ളിയിലും വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

ഇന്ന് രാവിലെ 7 മണിക്ക് വിശുദ്ധ കുർബ്ബാന, 5.30ന് റംശാ പ്രാർത്ഥന തുടർന്ന് ദൈവാലയ പ്രവേശനവും നടന്നു. 7.15ന് പുഷ്പത്തിൽ നിന്നുള്ള പെരുന്നാൾ സന്ദേശം മാർ ഔഗിൻ മെത്രാപ്പോലീത്ത നിർവ്വഹിച്ചു. 8ന് ഭക്തി നിർഭരമായ മെഴുകുതിരി പ്രദക്ഷിണം.

ഞായറാഴ്ച രാവിലെ 7.30ന് പെരുന്നാൾ വിശുദ്ധ കുർബാന മാർ ഔഗിൻ മെത്രാപ്പോലാത്തയുടെ മുഖ്യകാർമ്മികത്വത്തിൽ. തുടർന്ന് വൈദിക പട്ടം കൊട ശുശ്രൂഷയും ഉണ്ടായിരിക്കും.

വൈകിട്ട് 3മണിക്ക് പൊതുസമ്മേളനം. മാർ ഔഗിൻ മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ബെച്ചു കുരിയൻ തോമാസ് ഉദ്ഘാടനം ചെയ്യും. പെരുന്നാളിനോടനുബന്ധിച്ചു 210 ഡയാലീസീസ് രോഗികൾക്കുള്ള സഹായ ധനം തൃശ്ശൂർ ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.തജ്പോൾ പനയ്ക്കൽ സ്വീകരിക്കും. 'മാർത്ത് മറിയം' പുരസ്ക്കാരം ഡോ.മാർ അപ്രേം മെത്രാപ്പീലത്തയ്ക്ക് സമ്മാനിക്കും. നവ വൈദീകരായ റവ.ഫ്രഡി ഡോൺ ഡേവിസ്, റവ.അബി ആന്റണി, ഹീവ്പദ്യാക്കന പദവി ലഭിച്ച ജെയിൻ ജെയിംസ്, അബിൻ ഫ്രാൻസിസ് എന്നിവർക് സ്വീകരണം. സൺഡേ സ്കൂൾ കുട്ടികൾക്ക് സമ്മാന ദാനം. തുടർന്ന് കലാപരിപാടികൾ.

തിങ്കളാഴ്ച 7മണിക്ക് വിശുദ്ധ കുർബ്ബാന, വൈകീട്ട് 6മണിക്ക് റംശാ പ്രാർത്ഥന, തുടർന്ന് 7മണിക്ക് തൃശ്ശൂർ കലാസദന്റെ ഗാനമേളയുമുണ്ടായിരിക്കും. വികാരി റവ.കെ.ആർ.ഇനാശു കശീശ, റവ.ഡെ ൽമിൻ ഡേവിസ് കശീശ, കൺവീനർ ചാൾസ് ചിറ്റിലപ്പിള്ളി, കൈക്കാരന്മാരായ സോജൻ .പി.ജോൺ, ജോർജ് ജോയ് എന്നിവർ പെരുന്നാളിന് നേതൃത്വം നൽകുന്നു.

ആന്റോ ഡി. ഒല്ലൂക്കാരൻ

പത്മവ്യൂഹം ഭേദിച്ച്

13-ാം പതിപ്പും ഇംഗ്ലീഷ് പതിപ്പും വില്പനയിൽ

മാരക രോഗത്തിന്റെയും പ്രൊഫഷണൽ ജീവിതത്തിന്റെയും വെല്ലുവിളികളുടെ 'പത്മവ്യൂഹം' ഭേദിച്ച അസാധാരണ മനഃശക്തിയുള്ള വ്യക്തിയുടെ ജീവിത കഥ. വർത്തമാന കാലത്തെ രോഗാവസ്ഥകളെയും പ്രതിരോധ പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന കൃതി. ചരിത്രത്തോടും സമകാലിക ജീവത യാഥാർത്ഥ്യങ്ങളോടും ചേർന്നു നടക്കുന്ന അപൂർവ്വ സുന്ദര രചനാ രീതികൊണ്ട് ശ്രദ്ധേയം.

പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പായ **'ബ്രേവിംഗ് ഓഡ്സ്'** 2-ാം പതിപ്പ് നിയമസഭാ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബിഷപ്പ് മോർ അത്തനേഷ്യസിന് നൽകിയാണ് പ്രകാശനം ചെയ്തത്.

അഡ്വ. എ ഡി ബെന്നിയുടെ അനുഭവം, ഓർമ്മ, ദർശനം

പത്മവ്യൂഹം ഭേദിച്ച്

മാണി പയസ്

ഫോൺ: 9745561241

കാരുണ്യ

കുറീസ് (P) ലിമിറ്റഡ്

Head Office: Karunya Chambers, Opp. Police Club,
HIGH ROAD, THRISSUR-680001.
Ph: 2442515. Branch Office: Faridabad

Chairman **THOMAS KOLLANNUR** | Managing Director **JOSE A. KOLLANNUR**

കൊള്ളന്നൂർ ദേവസ്സി സൺസ്

തൃശൂർ * കൊച്ചി * കോഴിക്കോട്

40 മാസത്തെ ക്ഷാമാശ്വാസം നൽകാത്തത് ആശങ്കാജനകം: കെ.എസ്. എസ്. പി. എ.

ഇരിങ്ങാലക്കുട : സർക്കാർ പ്രഖ്യപിച്ച 3 ശതമാനം ക്ഷാമാശ്വാസം - 40 മാസത്തെ കുടിശ്ശിക നൽകാതിരിക്കുന്നതും ആശങ്ക ജനകമാണെന്ന് കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ ചൂണ്ടിക്കാട്ടി. ട്രഷറിക്ക് മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ ജില്ലാ ജോയിന്റ് സെക്രട്ടറി കെ.ബി. ശ്രീധരൻ ഉദ്ഘാടനം ചെയ്തു. പെൻഷൻ പരിഷ്ക്കരണ കമ്മീഷനെ നിയമിക്കണമെന്ന് ധർണ്ണയിൽ ആവശ്യപ്പെട്ടു. നിയോജക മണ്ഡലം പ്രസിഡണ്ട് കെ.പി.മുരളീധരൻ അദ്ധ്യക്ഷത വഹിച്ചു.

കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് സി.എസ്. അബ്ദുൾ ഹക്ക്, സംസ്ഥാന കൗൺസിൽ അംഗം എം. മൂർഷിദ്, ജില്ല കമ്മിറ്റി അംഗം എ.സി. സുരേഷ്, വനിത ഫോറം പ്രസിഡണ്ട് കെ. കമലം, സെക്രട്ടറി ഇ.ഡി. ജോസ്, എ.എൻ. വാസുദേവൻ, സി.ഒ. ജോയ്, പി.ഐ. ജോസ്, കെ. വേലായുധൻ എന്നിവർ പ്രസംഗിച്ചു

മീഡിയേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു

കുന്നംകുളം : കോടതിയിൽ നിലവിലുള്ള കേസുകൾ സംസാരിച്ച് ഒത്തുതീർപ്പാക്കുന്നതിനുള്ള സർക്കാർ സംവിധാനമാണ് മീഡിയേഷൻ സെന്ററുകൾ. ഒത്തു തീരാൻ സാധ്യതയുള്ള കേസുകൾ ജഡ്ജിമാർ കോടതിയിൽ നിന്നും മീഡിയേഷൻ സെന്ററിലേക്ക് അയക്കുന്നു. ഇതു മൂലം കോടതിയിൽ കേസുകളുടെ എണ്ണം കുറയുകയും പൊതുജനങ്ങൾക്ക് പെട്ടെന്നുതന്നെ കേസുകൾ അവസാനിപ്പിക്കുന്നതിനും സാധിക്കുന്നു. തൃശൂരിലും ചാവക്കാടുമെല്ലാം കോടതികളോട് അനുബന്ധിച്ച് മീഡിയേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കുന്നംകുളം കോടതി കോമ്പൗണ്ടിലെ കെട്ടിടത്തിലും മീഡിയേഷൻ സെന്റർ ആരംഭിച്ചു.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

OS:249/2024

സൗഹൃദം ചെങ്ങാലൂർ നിധി ലിമിറ്റഡ്, ചെങ്ങാലൂർ

- വാദി

1) ചാലക്കുടി താലൂക്ക്, വരന്തരപ്പിള്ളി വില്ലേജ്, നടാംപാടം ദേശത്ത് വരന്തരപ്പിള്ളി പി ഒ., പിൻ-680303 തെക്കൻ വീട്ടിൽ സരീഷ് ജോൺ ഭാര്യ ദീപ സരിഷ്
2) ചാലക്കുടി താലൂക്ക്, വരന്തരപ്പിള്ളി വില്ലേജ്, നടാംപാടം ദേശത്ത് വരന്തരപ്പിള്ളി പി ഒ., പിൻ-680303 തെക്കൻ വീട്ടിൽ സരീഷ് ജോൺ മകൻ സരിഷ് ജോൺ

-1, 2 പ്രതികൾ

പ്രോമിസറി നോട്ടു പ്രകാരമുള്ള സംഖ്യക്കുവേണ്ടി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ 1, 2 പ്രതികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിന് അനുവദിച്ച് കേസ് **15-11-2024** തിയ്യതിക്ക് വെച്ചിട്ടുള്ളതും അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളോ അധികാരപ്പെടുത്തിയ അഡ്വക്കേറ്റ് മുഖാന്തിരമോ കോടതി മുമ്പാകെ ഹാജരായി പത്രിക സമർപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-10-2024
വാദിഭാഗം അഡ്വക്കേറ്റ്
കെ ജി ദിലീപ്കുമാർ (ഒപ്പ്)

കോടതി പരസ്യം

ബഹു. ഒറ്റപ്പാലം MACT മുമ്പാകെ

OP(MV): 579/2022
IA: 2/2024

The New India Assurance Co. Ltd
-Petitioner

Sreejith K.S.,
S/o. Sajeevan, Karumathil House, Ponnore, Colonypadi, Edakalathur,
Thrissur-680552
-Respondent No. 1

ടി എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്താൻ കല്പിച്ച് **28-11-2024** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 30-10-2024
ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്
പി രാജശങ്കർ (ഒപ്പ്)

രൂപം മാറി എത്തുന്നു നവകേരള ബസ്

തൃശൂർ : നവകേരളയാത്രക്ക് മുഖ്യമന്ത്രിയും മന്ത്രിമാരും ഉപയോഗിച്ചിരുന്ന ബസ് ഇനി കെ എസ് ആർ ടി സി യിലെ വി ഐ പി ബസ് അല്ല. പകരം മാറ്റങ്ങളോടെ രണ്ടാഴ്ചക്കുള്ളിൽ സൂപ്പർ ഡീലക്സ് ബസ് ആയി രൂപം മാറിയാണ് വരുന്നത്. 16 കോടി രൂപയ്ക്കാണ് നവകേരള ബസ് അന്ന് വാങ്ങിയത്. ഇപ്പോൾ മാറ്റംവരുത്താനായി 10 ലക്ഷത്തോളം രൂപ വീണ്ടും ചെലവുവരും. 26 സീറ്റാണ് നവകേരളബസിലുണ്ടായിരുന്നത്. അത് 38 എണ്ണമാക്കി ഉയർത്തും. ടോയ്‌ലറ്റ് മാറ്റി അവിടെ സീറ്റ് ഘടിപ്പിച്ച ശേഷം നിരത്തിലിറക്കുമെന്ന് അധികാരികൾ പറയുന്നു.

കടുപ്പത്തിലൊരു ചായ...

കാജാ ചായ

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 695/2023

മുകുന്ദപുരം താലൂക്ക് മുരിയാട് വില്ലേജ്, ടി ദേശത്ത് (പി ഒ മുരിയാട്-680683) സ്ഥാപിതമായിരിക്കുന്ന മുരിയാട് മേഖല ഫാർമേഴ്സ് നിധി ലിമിറ്റഡ്

-വാദി

മുകുന്ദപുരം താലൂക്ക് ആനന്ദപുരം വില്ലേജ്, തറയിലക്കാട് ദേശത്ത് (പി ഒ ആനന്ദപുരം-680305) പണിക്കശ്ശേരി വീട്ടിൽ മോഹനൻ മകൻ 34 വയസ് രഞ്ജിത്ത് പി എം

-1-ാം പ്രതി

മുകുന്ദപുരം താലൂക്ക് നെല്ലായി വില്ലേജ്, ആലത്തൂർ നാല്സെന്റ് കോളനി ദേശത്ത് (പി ഒ ആനന്ദപുരം-680305) മണപ്പുള്ളി വീട്ടിൽ പ്രകാശൻ മകൻ 27 വയസ് പ്രശാന്ത് എം പി

-3-ാം പ്രതി

മേൽ നമ്പറിൽ 1, 3 പ്രതികൾക്കുള്ള സമൻസ് ടിയാരുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **12-12-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങൾ നേരിട്ടോ അഡ്വക്കേറ്റ് മുഖാന്തിരമോ ബഹു. കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് വിചാരണ ചെയ്ത് തീർപ്പാക്കുമെന്ന് നിങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 22-10-2024
വാദിഭാഗം അഡ്വക്കേറ്റ്
അഭിജിത്ത് പ്രസാദ് (ഒപ്പ്)
ഇരിങ്ങാലക്കുട

കടുപ്പശ്ശേരി ഗവ. യു.പി.സ്ക്കൂളിൽ വർണ്ണ കൂടാരം ഉൽഘാടനം ചെയ്തു

ഇരിങ്ങാലക്കുട: സമഗ്ര ശിക്ഷാ കേരളം അനുവദിച്ച 10 ലക്ഷം രൂപയുടെ സ്റ്റാർസ് ഫണ്ട് വിനിയോഗിച്ച് വെള്ളാങ്ങല്ലൂർ ബ്ലോക്ക് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ നിർമ്മിച്ച പ്രീ പ്രൈമറി വർണ കൂടാരം കുട്ടികൾക്കായി തുറന്നു കൊടുത്തു. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു.

വേളൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ എസ് ധനീഷിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽപ്രധാനാധ്യാപിക ബിന്ദു സി സ്വാഗതവും സർവ്വശിക്ഷാ കേരള ജില്ലാ പ്രോഗ്രാം ഓഫിസർ ജോളി വി.ജെ പദ്ധതി വിശദീകരണവും നടത്തി. വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഗാവരോഷ്, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ യൂസഫ് കെ കെ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീജ ഉണ്ണികൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അഡ്വ. ശശികുമാർ ഇടപ്പുഴ, ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർമാർ മാരായ സതീഷ് പി.ജെ, സുനിത ടി എസ്, ബിബിൻ തുടിയത്ത്, ഷീബ നാരായണൻ, വിൻസന്റ് കാനംകുടം, വെള്ളാങ്കല്ലൂർ ബ്ലോക്ക് റിസോഴ്സ് സെന്റർ പ്രോഗ്രാം ഓഫീസർ ഗോഡ് വിൻ റോഡ്രിഗ്സ്, സീനിയർ അസിസ്റ്റന്റ് സോഫി പി.പി., പി.ടി.എ പ്രസിഡന്റ് ഭാഗ്യലക്ഷ്മി, എം.പി.ടി.എ. പ്രസിഡൻറ് വിമ്മി സജി, പി.ടി.എ വൈസ് പ്രസിഡണ്ട് ജോൺ കോക്കാട്ട്, സ്കൂൾ ലീഡർ മാസ്റ്റർ ദർശൻ ചന്ദ്രദേവ് ബി എന്നിവർ പ്രസംഗിച്ചു. വർണ്ണ കൂടാര നിർമ്മാണത്തിന്റെ പ്രധാന ശില്പിയായ ടി.ആർ മണിക്കുട്ടനെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും അരങ്ങേറി.